പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2080 — 01/02/2018-ൽ മറുപടിക്ക്

## കുട്ടനാട്ടിൽ പകർച്ചവ്യാധികൾ തടയുന്നതിനുള്ള നടപടി

**ചോദ്യം**

**ശ്രീ.തോമസ് ചാണ്ടി**

എ) കുട്ടനാട്ടിലെ ജലാശയങ്ങളിൽ പോളയും മാലിന്യങ്ങളും വർദ്ധിച്ചിരിക്കുന്നതിനാലും കിഴക്കൻ മലവെള്ളവും അടുത്ത നഗരങ്ങളിൽ നിന്നും വാഹനങ്ങളിൽ മാലിന്യങ്ങൾ എത്തിച്ച് രാത്രി കാലങ്ങളിൽ ജലാശയങ്ങളിൽ തള്ളുന്നതും കാരണം തദ്ദേശവാസികൾ പകർച്ചവ്യാധി ഭീഷണിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥിതിവിശേഷത്തിന് പരിഹാരം കാണാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

എ) കുട്ടനാട്ടിലെ ജലാശയങ്ങളിൽ പോളശല്യം വർദ്ധിച്ചുവരുന്നുണ്ട്. ആലപ്പുഴ ജില്ലയിൽ 2013-ൽ കോളറ ബാധ സ്ഥിരീകരിച്ചിട്ടുള്ള പ്രദേശമായതിനാലും ജലജന്യ രോഗങ്ങൾക്ക് സാധ്യത കൂടുതലുള്ള പ്രദേശമായതിനാലും ആരോഗ്യ വകുപ്പിന്റെ നിരന്തരമായ നിരീക്ഷണത്തിലാണ് ഈ പ്രദേശങ്ങൾ. ഇപ്പോൾ ഇതുമൂലമുള്ള ഏതെങ്കിലും പകർച്ചവ്യാധികൾ നിലവിലില്ല. ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നത് സംബന്ധിച്ച് കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ (അമന്റ്മെന്റ്) (ഓർഡിനൻസ് നം. 27 ഓഫ് 2017 നോട്ടിഫിക്കേഷൻ നം. 24395/ലെഗ്.എഫ്2/ ഡി17/നിയമം) ഇപ്പോൾ നിലവിലുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 എ മുതൽ 219 യു, 1996 ലെ കേരള പഞ്ചായത്ത് രാജ് (പൊതുവായതോ, സ്വകാര്യമായതോ ആയ നീരുറവകൾ, കുളങ്ങൾ, കിണറുകൾ, മറ്റു ജലമാർഗ്ഗങ്ങൾ എന്നിവയുടെ ഉപയോഗ നിയന്ത്രണവും നിരോധനവും) ചട്ടങ്ങൾ എന്നിവ പ്രകാരം മാലിന്യനിർമ്മാർജ്ജനം, മാലിന്യം നിക്ഷേപിക്കുന്നവർക്കുള്ള ശിക്ഷ എന്നിവ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതല-യായതിനാൽ പ്രസ്തുത ചുമതല നിർവ്വഹിക്കുന്നതിന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ജലസ്രോതസ്സുകളുടെ മലിനീകരണം ഒഴിവാക്കുന്നതിനും അവയുടെ നവീകരണവും ശുചീകരണവും ഉറപ്പാക്കുന്നതിനുമായി ഗ്രാമ-പഞ്ചായത്ത് തലത്തിൽ ശുദ്ധജല സംരക്ഷണ സമിതി രൂപീകരിച്ചുകൊണ്ട് 25.09.2017 ലെ സ.ഉ(സാധാ) നം.3141/2017/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ